Malappuram District Police

## 11/11/2017 എടക്കര

വിദ്യാർഥിനിയെ പീഡിപ്പിച്ച കേസിൽ മൈസൂരു സ്വദേശിയെ പൊലീസ് അറസ്റ്റ് ചെയ്തു. മൈസൂരു ഉദയഗിരി കല്യണഗിരി ഇമ്രാൻപാഷ (19) യെയാണ് അറസ്റ്റ് ചെയ്ത്. ഓട്ടോഡ്രൈവർ ചുള്ളിയോട് ഉണ്ണിക്കുളം സ്വദേശി, നിലമ്പൂർ വാടകയ്ക്ക് താമസിക്കുന്ന സൈനുൽ ആബിദിനെ നേരത്തേ അറസ്റ്റ് ചെയ്തിരുന്നു.

ആബിദ് സുഹൃത്തായ ഇമ്രാൻപാഷ മുഖേന, ഒൻപതാംക്ലാസ് വിദ്യാർഥിനിക്ക് ജോലി ശരിപ്പെടുത്തി കൊടുക്കാമെന്ന് പറഞ്ഞ് മൈസൂരുവിലേക്കു കൊണ്ടുപോയി പീഡിപ്പിച്ചു എന്നാണ് കേസ്. എടക്കര സിഐ പി.അബ്ദുൽ ബഷീർ. എസ്ഐ എ.സജിത്, എഎസ്ഐ എം.അസൈനാർ, സിപിഒമാരായ എൻ.പി.സുനിൽ, കെ.ജാബിർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. നിലമ്പൂർ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.